ഉത്തരം

(എ) 15 ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | നിയോജകമണ്ഡലം |
|---|---|
| തിരുവനന്തപുരം | വട്ടിയൂർക്കാവ് |
| കോട്ടയം | കോട്ടയം |
| എറണാകുളം | ആലുവ, കളമശ്ശേരി |
| പാലക്കാട് | പാലക്കാട്, മലമ്പുഴ |
| മലപ്പുറം | മഞ്ചേരി, വള്ളിക്കുന്ന് |
| കോഴിക്കോട് | പേരാമ്പ്ര, കോഴിക്കോട് സൗത്ത്, കോഴിക്കോട് നോർത്ത് |
| കണ്ണൂർ | കല്ല്യാശ്ശേരി, കണ്ണൂർ, തലശ്ശേരി, പേരാവൂർ |

(ബി) സ്ഥലസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമുള്ള ജീവനക്കാരുടെ പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. കിടത്തി ചികിത്സാസൗകര്യം, ഒ.പി.-യിലെ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, നടപ്പിലാക്കുന്ന പൊതുജനാരോഗ്യ പദ്ധതികൾ തുടങ്ങിയവയ്ക്കനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ വ്യത്യാസം ഉണ്ടാകുന്നതാണ്. എന്നിരിക്കിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അവശ്യം വേണ്ട മിനിമം ജീവനക്കാരുടെയും മിനിമം പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത ഏർപ്പെടുത്താവുന്നതാണ്.

## സർക്കാർ ആശുപത്രികളുടെ അറ്റകുറ്റപ്പണികളിലെ വീഴ്ച

82 (789) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ പോലും സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ കോൺക്രീറ്റ് ഇളകി വീണ് വൃദ്ധയ്ക്ക് പരിക്കേറ്റ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്ത് മുൻകരുതലുകളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അറ്റകുറ്റപ്പണികൾ പരമാവധി വേഗത്തിൽ തീർക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചക്കരക്കല്ല് സി.എച്ച്.സി.**

83 (790) ശ്രീ. കെ. കെ. നാരായണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചക്കരക്കല്ല് സി.എച്ച്.സി.-യുടെ അടിസ്ഥാനസൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിസ്ഥാന സൗകര്യക്കുറവ് പരിഹരിക്കുന്നതിന് എൻ.ആർ.എച്ച്. എം. ഫണ്ട് ഉപയോഗിച്ച് ഫാർമസി കെട്ടിടത്തിന്റെ ഒരു ഭാഗം പ്രത്യേകം പണി കഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്**

84 (791) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൻ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെ മറ്റ് ആരോഗ്യവകുപ്പ് ജീവനക്കാർ സ്വകാര്യ ആശുപത്രികളിലും അവരുടെ സേവനം ലഭ്യമാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly